**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2018** **09-12-2022 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി അനുവദിച്ചിട്ടുള്ള തുകയെത്രയെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | ഇതിനുവേണ്ടി കാലിക്കറ്റ് സർവകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ടോയെന്നും ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണെന്നും അറിയിക്കുമോ; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ നിശ്ചയിച്ച നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ; | (സി) | സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥല പരിശോധന നടത്തുകയുണ്ടായി. |
| (ഡി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാല നടത്തിയിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിഷയവുമായി കാലിക്കറ്റ് സർവകലാശാല നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ